സർക്കാർ ജീവനക്കാർ രചിക്കുന്ന പുസ്തകങ്ങൾ

20 [728] ശ്രീ. അടൂർ പ്രകാശ്:
,, കെ. മോഹൻ കുമാർ:
,, എം. എ. ചന്ദ്രശേഖരൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ രചിക്കുന്ന പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ഗവൺമെന്റിന്റെ അനുവാദം ആവശ്യമാണോ;

(ബി) ആണെങ്കിൽ ഗവൺമെന്റിന്റെ അനുമതി ഇല്ലാതെ സർക്കാർ ജീവനക്കാർ പുസ്തകം പ്രസിദ്ധീകരിക്കുന്നതിനെതിരെ എന്തു നടപടിയാണ് സ്വീകരിക്കാറുള്ളത്;

(സി) സർക്കാർ ജീവനക്കാർ ഗവൺമെന്റ് നയത്തെ വിമർശിച്ചുകൊണ്ടുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാറുണ്ടോ;

(ഡി) പോലീസ് അസോസിയേഷന്റെ സി.പി.ഐ. (എം) അനുകൂലിയായ മുൻഭാരവാഹി 'പോലീസ് നയം' എന്ന പേരിൽ ഒരു പുസ്തകം രചിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ പുസ്തകത്തിന് പോലീസ് ജീവനക്കാരുടെ ഇടയിൽ വ്യാപകമായ പ്രചാരണം നൽകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കേരളത്തിലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ വ്യവസ്ഥകളനുസരിച്ച് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്.

(ബി) ഒരു സർക്കാർ ഉദ്യോഗസ്ഥൻ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടം ലംഘിക്കുന്നതായി ബോധ്യപ്പെട്ടാൽ ശിക്ഷണാധികാരിക്ക് ആ ഉദ്യോഗസ്ഥനെതിരെ ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) കേരളത്തിലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ വ്യവസ്ഥകളനുസരിച്ച് ഒരു സർക്കാർ ഉദ്യോഗസ്ഥന് സർക്കാർ നയങ്ങളെ വിമർശിക്കാൻ അവകാശമില്ല. ഇങ്ങനെയുള്ളവർക്കെതിരെ ശിക്ഷണാധികാരിക്ക് ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി, ഇ) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. ഫോറങ്ങൾ സ്റ്റാമ്പ് വെണ്ടർമാർ മുഖേന വിൽപ്പന നടത്തുവാൻ നടപടി

21 [729] ശ്രീ. കെ ബാബു:
,, ഡൊമിനിക് പ്രസന്റേഷൻ:
,, വർക്കല കഹാർ:
,, കെ. എ. ചന്ദ്രൻ:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly